(4) ടി. എം. സി. ജനറൽ മാനേജരെപ്പറ്റി ആരോപിച്ചിട്ടുള്ള കൈക്കൂലി, അഴിമതി, സ്വജനപക്ഷപാതം ഇവയെപ്പറ്റി അന്വേഷിക്കുകയും വേണ്ട നടപടികൾ നടത്തുകയും ചെയ്യുക.

(ഡി) പ്രകടനം നടത്തി.

(ഇ) കാളേജിൽ പഠിപ്പിക്കുന്നതിന് അത്യാവശ്യമായ സ്റ്റാഫിനെ നിയമിക്കുക മുതലായ കാര്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനായിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

പട്ടികജാതിയിൽപ്പെട്ട മാണവർകൾ

* 1000. [27] ശ്രീ ടി. എസ്. രാമസ്വാമി: കീഴ്ക്കാണും വിളക്കളുക്കു സ്തല സ്വയ ആട്ചി മന്ത്രി അവർകൾ വിടൈ പകർവാർകളാക:

(a) തിരുവിതാങ്കൂർ-കൊച്ചി സംസ്ഥാനത്തിൽ അരചാങ്ക ഉതവിയുടൻ കൽവി പയിലും പട്ടികജാതിയിൽ പട്ട കൽലൂരി മാണവർകൾ എത്തനൈ; ഉയർന്ത പാടചാലൈ മാണവർകൾ എത്തനൈ;

(b) തോവാളൈ, അകസ്തീച്വരം, കൽകുളം, വിളവങ്കോടു, ചെങ്കോട്ടൈ, തെവികുളം, പീരുമേടു, നെയ്യാറ്റിൻകരൈ, ഇന്ത താലൂകാക്കളിൽ ഉൾള പട്ടികജാതി മാണവർകൾ എത്തനൈ?

Minister for Local Self Government (SHRI K. KOCHUKUTTAN):

(a) In the State 850 students belonging to the Scheduled Castes are studying in Colleges and 4125 Scheduled Caste students are studying in High Schools with the help of Government aids.

(b) The taluk-war list of Scheduled Caste students in the State is not available with Government.

മുനിസിപ്പൽ തിരഞ്ഞെടുപ്പ്.

* 1001. [28] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മുനിസിപ്പൽ തിരഞ്ഞെടുപ്പുകൾ മാറ്റിവക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): ആലോചനയിൽ ഇരിക്കുന്നു.

ഡാക്ടറന്മാരുടെയും, വൈദ്യന്മാരുടെയും ശമ്പളം.

* 1002. [29] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ള അലോപ്പതി ഡാക്ടറന്മാരുടെയും, ആയുർവേദവൈദ്യന്മാരുടെയും ഏറ്റവും, കുറഞ്ഞതും, കൂടിയതുമായ ശമ്പളനിരക്കുകൾ എന്താണെന്നു പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അലോപ്പതി ഡാക്ടറന്മാരുടെ ശമ്പളം കൂട്ടണമെന്ന് ഇക്കഴിഞ്ഞ അസോസ്സിയേഷൻ യോഗം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആയുർവേദവൈദ്യന്മാരുടെ ശമ്പളം കൂട്ടണമെന്ന് ഉദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) അലോപ്പതി ഡാക്ടർമാർ—

കുറഞ്ഞശമ്പളം രൂപ 100—300.

കൂടിയശമ്പളം ,, 500—800.

ആയുർവേദ വൈദ്യന്മാർ—

കുറഞ്ഞശമ്പളം രൂപ 35— 80.

കൂടിയശമ്പളം ,, 125—200.

(ബി) അറിവില്ല.

(സി) പേകമ്മിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീർച്ചപ്പെടുത്തുന്നതാണ്.

സഹകരണ പരിശീലനകേന്ദ്രം.

* 1003. [30] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറിൽ പുതുതായി ഒരു സഹകരണപരിശീലനകേന്ദ്രം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുതസ്ഥാപനം സഹകരണവകുപ്പിന്റെ കീഴിലാണോ ഗവണ്മെൻറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണോ പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുതകേന്ദ്രത്തിൽ പരിശീലനത്തിനായി അപേക്ഷകൾ ക്ഷണിച്ചിരുന്നോ; ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ ക്ഷണിച്ചു. എത്ര പേരെ തിരഞ്ഞെടുത്തു;

(സി) അപേക്ഷകരുടെ കൂട്ടത്തിൽനിന്നും അർഹരായവരെ തിരഞ്ഞെടുക്കുവാൻ സ്വീകരിച്ച രീതി, പരിഗണനകൾ ഇവ വെളിപ്പെടുത്താമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. ടി. ജലീൽ):

(എ) സ്റ്റേറിൽ പുതുതായി ഒരു സഹകരണ പരിശീലനകേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ആ സ്ഥാപനം ഗവണ്മെൻറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത കേന്ദ്രത്തിൽ പരിശീലനത്തിനായി അപേക്ഷകൾ ക്ഷണിച്ചിരുന്നു. ആകെ 2012 അപേക്ഷകൾ കിട്ടി. അതിൽ നിന്നു 40 പേരെ തിരഞ്ഞെടുത്തു.

(സി) എസ്. എസ്. എൽ. സി. പാസായിട്ടുള്ള സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി അഡ്മിഷൻ പരിമിതപ്പെടുത്തി. അതിൽ സെൻട്രൽ സഹകരണ സ്ഥാപനങ്ങളിൽനിന്നും പഞ്ചവത്സര പദ്ധതി പ്രകാരം തിരഞ്ഞെടുത്തിട്ടുള്ള സംഘങ്ങളിൽനിന്നും ഉള്ള അപേ

LIBRARY ARCHIVES Kerala Legislative Assembly